# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# അരിമ്പൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.1)1468/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 17/10/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അരിമ്പൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി.1)1468/2023 തീയ്യതി: 17/10/2023

## തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-02-2023 മുതൽ 01-08-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| സാബു പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 16-08-2023 | 22-08-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-08-2023 | 22-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.സബിത.എസ്, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീ.സിജു.പി.ഡാംസൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.സുധ.ഇ.എൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജയൻ,വി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.രേഖ.ഇ.സി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| സ്മിത അജയകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| സത്യൻ ടി | സെക്രട്ടറി | 01-04-2022 | 05-05-2022 |
| ഗീത വി ആർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 06-05-2022 | 25-05-2022 |
| സത്യൻ ടി | സെക്രട്ടറി | 26-05-2022 | 02-10-2022 |
| റെനി പോൾ | സെക്രട്ടറി | 03-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഗീത വി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 22-07-2022 |
| ജോസ് സി എം | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 23-07-2022 | 09-08-2022 |
| ഗീത വി ആർ | അസിസ്റ്റന്റ് സെക്രട്ടറി | 10-08-2022 | 21-10-2022 |
| റെസി റാഫേൽ | അസിസ്റ്റന്റ് സെക്രട്ടറി | 22-10-2022 | 31-03-2023 |
| ലക്ഷ്മി കെ മോഹൻ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| വിൻസെന്റ് സി.ടി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 05-10-2022 |
| സിന്ധു എം | അസിസ്റ്റന്റ് എഞ്ചിനീയർ | 06-10-2022 | 31-03-2023 |
| ഡോ.ദീപക് മേനോൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2022 | 31-03-2023 |
| ഡോ.ദീപ എൻ.ഡി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 31-03-2023 |
| ഡോ.ലിജ ജേക്കബ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 24-04-2022 |
| ഡോ.സുജിത്ത് കെ മേനോൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 25-04-2022 | 24-05-2022 |
| ഡോ.ലിജ ജേക്കബ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 25-05-2022 | 31-03-2023 |
| ഡോ.രാധിക ശ്യാം | വെറ്ററിനറി സർജ്ജൻ | 01-04-2022 | 31-03-2023 |
| ഉഷാകുമാരി വി | പ്രധാന അദ്ധ്യാപിക | 01-04-2022 | 31-03-2023 |
| മേജോ പി.ജെ | വി ഇ ഒ (എറവ് സർക്കിൾ) | 01-04-2022 | 31-03-2023 |
| വോൾഗ ജി നായർ | വി ഇ ഒ (അരിമ്പൂർ സർക്കിൾ) | 01-04-2022 | 31-03-2023 |
| ധന്യ എം എസ് | വി ഇ ഒ (മനക്കൊടി സർക്കിൾ) | 01-04-2022 | 31-03-2023 |
| ലയ എച്ച് | ഐ.സി.ഡി.എസ് | 01-04-2022 | 07-01-2023 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| ശീതൾ പ്രദീപ് കുമാർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 08-01-2023 | 17-01-2023 |
| ഓമന സി. വി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 18-01-2023 | 31-03-2023 |
| ഷീല ടി. ജി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ന**ൽ**കി 3 മാസത്തി**ൽ** കൂടുതലായിട്ടും പണമാക്കാത്ത ചെക്കുക**ൾ** Stale Cheque ശീ**ർ**ഷകത്തിലേക്ക് മാറ്റിയില്ല. | 1-1-3 |
| 5 | ബാങ്കിൽ നിക്ഷേപിച്ച തുകകൾ നാളിതുവരെ ക്രെഡിറ്റായില്ല. | 1-1-4 |
| 6 | വസ്തു നികുതി തൻവർഷം റെസിഡൻൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-5 |
| 7 | വസ്തു നികുതി നോൺ-റെസിഡൻൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-6 |
| 8 | വസ്തു നികുതി കുടിശ്ശിക റെസിഡൻൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-7 |
| 9 | വസ്തു നികുതി കുടിശ്ശിക നോൺ- റെസിഡൻൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല. | 1-1-8 |
| 10 | ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല | 1-1-9 |
| 11 | വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല. | 1-1-10 |
| 12 | കെട്ടിടങ്ങളിൽ നിന്നുള്ള വാടക-ഒറ്റത്തവണയായി ഡിമാന്റ് ചെയ്യുന്നു. | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാ**ൻ** സാധിച്ചിട്ടില്ല. | 1-1-12 |
| 14 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-13 |
| 15 | വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-14 |
| 16 | "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല. | 1-1-15 |
| 17 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-16 |
| 18 | കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷ**ൻ** രേഖപെടുത്തിയതിന്റെ അനുബന്ധരേഖക**ൾ** ലഭ്യമല്ല | 1-1-17 |
| 19 | ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. | 1-1-18 |
| 20 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല | 1-1-19 |
| 21 | ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല. | 1-1-20 |
| 22 | അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ് | 1-1-21 |

| | | |
|---|---|---|
| | പ്രകാരമുളള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. | |
| 23 | നിർജീവമായി തുടരുന്ന പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്ക് അക്കൗണ്ട് തനതു ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. | 1-1-22 |
| 24 | Auction Deposit തുക വർഷങ്ങളായി ക്രമീകരിക്കാതെ നിലനിൽക്കുന്നു | 1-1-23 |
| 25 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-24 |
| 26 | തൊഴിലുറപ്പ് പദ്ധതി-ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഒഴിവാക്കി | 1-1-25 |
| 27 | ബജറ്റ് | 1-2 |
| 28 | ഫണ്ട് വിനിയോഗം | 1-3 |
| 29 | പദ്ധതി അവലോകനം | 1-4 |
| 30 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 31 | ക്ഷേമ പദ്ധതികൾ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ I-6 പ്രകാരമുള്ളത്) | 1-6 |
| 32 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 33 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 34 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 35 | മാന്വൽ രസീത് പരിശോധനയിൽ കണ്ട അപാകതകൾ | 1-10 |
| 36 | വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ | 1-11 |
| 37 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല. | 1-12 |
| 38 | ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല | 1-13 |
| 39 | തൊഴിൽ നികുതി അപാകതകൾ | 1-14 |
| 40 | ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-15 |
| 41 | തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് ഫലപ്രാപ്തിയിലെത്തുന്നതിന് ശ്രമിക്കേണ്ടതാണ്. | 1-16 |
| 42 | ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ലഭ്യമാക്കേണ്ടതാണ് | 1-17 |
| 43 | സാമൂഹ്യ സുരക്ഷ പെൻഷൻ-മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ് | 1-18 |
| 44 | മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ പദ്ധതി - അപാകതകൾ | 1-19 |
| 45 | അമൃതം ഫുഡ്, കുമാരി പ്ലസ്, പോഷകം, മോണിംഗ് സ്നാക്ക് എന്നീ ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ല | 1-20 |
| 46 | വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-21 |
| 47 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി -വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-22 |
| 48 | മാലിന്യം കൊണ്ടുപോകുന്നതിന് വാഹനം വാങ്ങൽ | 1-23 |
| 49 | കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ച് ടോയ്ലെറ്റ് - ടേക്ക് എ ബ്രേക്ക് - സംയുക്ത കെട്ടിട സമുച്ചയം-44.22 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തിയാക്കി- നാളിതുവരെ | 1-24 |

| | | |
|---|---|---|
| | ഉപയോഗിച്ചു തുടങ്ങിയില്ല | |
| 50 | മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വാങ്ങൽ- നടപടിക്രമങ്ങളിലെ അപാകതകൾ | 1-25 |
| 51 | കാർഷിക കർമസേനയ്ക്ക് ചെറുയന്ത്രങ്ങൾ വാങ്ങി നല്കൽ-മാർഗരേഖയിൽ നിർദ്ദേശിച്ചതിലധികം നിരക്കിൽ സബ്സിഡി അനുവദിച്ചതിനാൽ 17885 രൂപ കൂടുതലായി ചെലവഴിച്ചു. | 1-26 |
| 52 | വനിതാക്യാന്റീന് ഉപകരണങ്ങൾ | 1-27 |
| 53 | ഊർജ്ജസംരക്ഷണം-സോളാർ സിസ്റ്റം സ്ഥാപിയ്ക്കൽ | 1-28 |
| 54 | കന്നുകുട്ടി പരിപാലനപദ്ധതി(വനിത ജനറൽ) -യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് | 1-29 |
| 55 | പി എച്ച് സി യിലേയ്ക്ക് മരുന്നു വാങ്ങൽ | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കാർഷിക കർമസേനയ്ക്ക് ചെറുയന്ത്രങ്ങൾ വാങ്ങി നല്കൽ-മാർഗരേഖയിൽ നിർദ്ദേശിച്ചതിലധികം നിരക്കിൽ സബ്സിഡി അനുവദിച്ചതിനാൽ 17885 രൂപ കൂടുതലായി ചെലവഴിച്ചു. | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് അരിമ്പൂർ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 14.7.23 തീയതിയിലെ 1(1) നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 19.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 17.10.2023

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))
(ഓഡിറ്റ് എൻക്വയറി നമ്പർ 13/21.8.2023)

## 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 62,79,662 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating + Investing + Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 18,99,740 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 നൽകി 3 മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിലേക്ക് മാറ്റിയില്ല.

താഴെ ചേർത്തിരിക്കുന്ന കാലാവധി കഴിഞ്ഞ ചെക്കുകൾ " Liability In Respect Of Stale Cheque" എന്ന ബാധ്യത ശീർഷകത്തിലേയ്ക്ക് മാറ്റി ബാങ്ക് ബുക്ക് നീക്കിയിരിപ്പ് ക്രമീകരിച്ചിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം 46)). ആയത് ക്രമീകരിക്കേണ്ടതാണ്.

കേരള ബാങ്ക് ഓൺ ഫണ്ട് – 146312801000468

| ചെക്ക് നമ്പർ | തീയ്യതി | തുക |
|---|---|---|
| 40994 | 21.12.22 | 2596 |
| 32953 | 27.8.20 | 1500 |
| 32911 | 30.7.20 | 3800 |
| 36484 | 16.8.21 | 1000 |
| 36486 | 16.8.21 | 1000 |
| 36487 | 16.8.21 | 1000 |
| 36488 | 16.8.21 | 500 |
| 36494 | 16.8.21 | 1000 |
| 36495 | 16.8.21 | 500 |
| 38624 | 5.3.22 | 1000 |
| 39786 | 25.8.22 | 200 |
| 40854 | 5.9.22 | 200 |
| 32911 | 5.8.20 | 1200 |
| 40986 | 12.12.22 | 200 |

### 1-1-4 ബാങ്കിൽ നിക്ഷേപിച്ച തുകകൾ നാളിതുവരെ ക്രെഡിറ്റായില്ല.

ബാങ്ക് റീകൺസീലിയേഷൻ പത്രിക പ്രകാരം SBI, Arimboor A/c No. 37247166531 (ഇ പേയ്മെന്റ് ) 11,535 രൂപ "Cheques Deposited But Not Credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. ഒക്ടോബർ 2022 മുതൽ മാർച്ച് 2023 വരെയുള്ള കാലയളവിൽ ഇത്തരത്തിൽ തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

### 1-1-5 വസ്തു നികുതി തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ

പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

തൻവർഷം

റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 3332652 | 3324932 | 15171 | 399 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 3332652 | 3317082 | 15171 | *399 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *(419/105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.
2.സഞ്ചയ സോഫ്റ്റ്‌വെയറിൽ യഥാർത്ഥ കളക്ഷനെക്കാൾ 7850/- രൂപ കൂടുതലാണ് വന്നിട്ടുള്ളത്. അതായത് രസീതിൽ ചേർക്കാതെ നേരിട്ട് ഡിസിബി തയ്യാറാക്കുന്ന സോഫ്റ്റവെയറിൽ പോസ്റ്റിംഗ് നടത്തിയതായി കാണുന്നു. ഇത് പരിശോധിക്കേണ്ടതാണ്.
3."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-6 വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം -വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1615873 | 1442330 | 7679 | 170103 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1615873 | 1438091 | 7679 | *170107 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | ( 350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *(178613/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. സഞ്ചയ സോഫ്റ്റ്‌വെയറിലെയും വാർഷികകണക്കിലേയും കളക്ഷൻ, ബാക്കി തുക എന്നിവ പൊരുത്തപ്പെടുന്നില്ല.

2."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-7 വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 20380 | 19192 | 1197 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | *14468 | 19183 | **1197 |
| | *(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (7535+7656= 15191/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (1257/105X100)=1197 |

1. സഞ്ചയ സോഫ്റ്റ്‌വെയറിലെയും വാർഷികകണക്കിലേയും ഡിമാന്റ്,കളക്ഷൻ എന്നിവ പൊരുത്തപ്പെടുന്നില്ല.
2. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-8 വസ്തു നികുതി കുടിശ്ശിക നോൺ- റെസിഡൻഷ്യൽ- വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല.

നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 842454 | 470 | 841984 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 842012 | 470 | 842012 |
| | (2021-22 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) *(705500+178613= 884113/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക , ഷെഡ്യൂൾ ആർ.പി-45) | **(884113/105X100) = 842012 ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

1. സഞ്ചയ സോഫ്റ്റ്‌വെയറിലെയും വാർഷികകണക്കിലേയും ഡിമാന്റുകൾ പൊരുത്തപ്പെടുന്നില്ല.
2. സഞ്ചയ സോഫ്റ്റ്‌വെയറിലെയും വാർഷികകണക്കിലേയും ബാക്കി തുക പൊരുത്തപ്പെടുന്നില്ല.
3. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെ ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.

ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.

## 1-1-9 ലൈബ്രറി സെസ്സ് -ഡിമാന്റ് രജിസ്റ്ററും വാർഷികകണക്കും പൊരുത്തപ്പെടുന്നില്ല

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | തൻ വർഷം | കുടിശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | റെസിഡൻഷ്യൽ | 170304 | 1041 | 171345 | 169509 | 973 | 170482 | 984 | | 20 | 60 | 80 |
| | നോൺ-റെസിഡൻഷ്യൽ | 81450 | 42151 | 123601 | 72736 | 22 | 72758 | 402 | | 8510 | 42129 | 50639 |
| | ആകെ | | | 294946 | | | 243240 | 1386 | | | | 50719 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 294946 | | | 243149 | | | | 244227 | 50719 | | |
| | | 42863 + 252083= (2021-22ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt . Cess/levies...... ലെഡ്ജർ 2022-23) | | | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-35(വരവ്)) | | | | (431910101 -State Govt . Cess/levies...... ലെഡ്ജർ 2022-23) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

1. കളക്ഷൻ തുക പൊരുത്തപ്പെടുന്നില്ല.

2. തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 243149/- രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 72758 + 170482 = 243240 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്ട് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 244227 രൂപയാണ്. [ 1. Voucher Number/date : 431100101/31-03-2023 2. 431100102/31-03-2023 , 3. 431100103/31-03-2023 4. 431100104/31-03-2023]

## 1-1-10 വസ്തുനികുതി മുൻകൂർതുക-വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തമില്ല.

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 478529 | 480862 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 55536 | 56048 |

## 1-1-11 കെട്ടിടങ്ങളിൽ നിന്നുള്ള വാടക-ഒറ്റത്തവണയായി ഡിമാന്റ് ചെയ്യുന്നു.

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽപ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധ കണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ്

ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.6.ൽ ചേർത്തിട്ടുണ്ട്)

| വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101-Rent From Building | 3,78,004 | 31-03-2023 | 42201461 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

### 1-1-12 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-13 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

### 1-1-14 വസ്തു നികുതി ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

1/4/2022 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2022-23 വർഷത്തിൽ അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ 292 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2022-23 ലെ “ 110100101 - Property Tax On Residential Building”എന്ന ശീർഷകത്തിലേയും “110100102 -Property Tax On Non Residential Building” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് പ്രതിമാസം നടത്തുന്നതിന് പകരം ഒറ്റതവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ

സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-1-15 "Prior Period Item"-അംഗീകരിക്കപ്പെട്ട വൌച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല.

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് , ഷെഡ്യൂൾ I-18,I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 290800501 – Prior Period Expenses – Programme Expenses | -3,61,242 |
| 290800701 – Prior Period Expenses – Miscellaneous Expenses | -58,17,181 |
| 190100101 – Prior Period Income – Property Tax | 6,472 |
| 190200401 – Prior Period Income – Other Incomes | -82,490 |

1-1-16 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.
ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ
4. വാടക ഡിമാന്റ് രജിസ്റ്റർ
5. ലൈബ്രറി രജിസ്റ്റർ
6. പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
7. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ
8. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

1-1-17 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയതിന്റെ അനുബന്ധരേഖകൾ ലഭ്യമല്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011 ,കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം58 (4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ

പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-18 ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.

1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു.ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല.
31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു.ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

### 1-1-19 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായില്ല

"സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനഃക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

### 1-1-20 ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

2022-23 വർഷത്തെ Income And Expenditure പത്രിക പ്രകാരം 1,12,56,742 രൂപ ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക് ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

### 1-1-21 അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

അഡ്വാൻസ് രജിസ്റ്റർ പ്രകാരമുള്ള 31.03.2023 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-18 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ശീർഷകം | ഇനം | അഡ്വാൻസ് രജിസ്റ്റർ പ്രകാരം 31/3/2023 ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-18 പ്രകാരം 31/3/2023 ലെ നീക്കിയിരിപ്പ് |
|---|---|---|---|
| 460500801 | Advance To MNREGA | 1254750 | 45832 |
| 460500412 | Advance To IRTC | രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല | 205000 |

### 1-1-22 നിർജീവമായി തുടരുന്ന പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്ക് അക്കൗണ്ട് തനതു ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

നിർജീവമായി തുടരുന്ന പോസ്റ്റ് ഓഫീസ് സേവിങ്സ് ബാങ്കിലെ നീക്കിയിരിപ്പ് (അക്കൗണ്ട് നമ്പർ 830003) തുക 59,917/- തനതു ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്.

### 1-1-23 Auction Deposit തുക വർഷങ്ങളായി ക്രമീകരിക്കാതെ നിലനിൽക്കുന്നു

01.04.21 മുതൽ 31.03.23 വരെ 340200102-Auction Deposit എന്ന ശീർഷകത്തിൽ 470350 ക്രമീകരിക്കാതെ

അവശേഷിക്കുന്നതായി കാണുന്നു. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം തിരികെ നൽകേണ്ട തിയതിക്ക് ശേഷം മൂന്ന് വർഷത്തിൽ കൂടുതൽ കാലം അവകാശപ്പെടാത്ത നിക്ഷേപങ്ങൾ പഞ്ചായത്തിലേക്ക് മുതൽക്കൂട്ടാവുന്നതാണ്. ഇത് പ്രകാരം തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-1-24 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൾ ബി -4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/22 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17 | | |
|---|---|---|---|---|---|---|
| ക്രമനമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320100196 | ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്പ്മെന്റ് സ്കീം | 1332751 | 450210101 | KGB PLAN I-CDS PBIG A/C 40277100102711 | 3283911 |
| 2 | 320200304 | ഗ്രാന്റ്സ്, ഫണ്ട്സ് ആൻഡ് കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപസ്സ് - ഗ്രാന്റ് ഫോർ സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | 594176 | | | |
| 3. | 320100202 | ഗ്രാന്റ്സ്, ഫണ്ട്സ് ആൻഡ് കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപസ്സ് - ഹെൽത് ഗ്രാന്റ് റ്റുവാർഡ്സ് സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക്ക് ഇൻഫ്രാസ്ട്രക്ച്ചർ ടു ദി PHC | 41129 | 450250049 | കാനറാ ബാങ്ക് നമ്പർ 110042787234 | 48658 |
| 4 | 320200104 | ഡെവലപ്മെന്റ് ഫണ്ട് സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബേസിക് ടാക്സ് ഗ്രാന്റ് | 57618 | 450210101 | KGB PFMS CFC A/C 40277101057023 | 2622876 |
| 5 | 320200113 | ഡെവലപ്മെന്റ് ഫണ്ട് സെൻട്രൽ ഫിനാൻസ് | 2489093 | | | |

| | | | | |
|---|---|---|---|---|
| | | കമ്മീഷൻ ഗ്രാന്റ് ( ടൈഡ് ) | | |

1-1-25 തൊഴിലുറപ്പ് പദ്ധതി-ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ ഒഴിവാക്കി

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ആകെ വരുമാനം ഷെഡ്യൂൾ (I-6) പ്രകാരം 2,19,31,588 രൂപയും, ചെലവ് ഷെഡ്യൂൾ I-14(C) പ്രകാരം ആകെ ഭരണേതര ചെലവ് 2,07,17,613 രൂപയുമാണ്. ബാക്കി 1213975 രൂപ ഭരണചെലവ് ഷെഡ്യൂൾ I-14(F) ലും ഉൾപ്പെടുത്തി. ഇപ്രകാരം ആകെ റവന്യൂ ചെലവ് 21931588 രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ രേഖകൾ പ്രകാരം ഈ തുകയിൽ (21931588 രൂപയിൽ )പഞ്ചായത്തിൽ ആസ്തി നിർമിക്കുന്നതിനുള്ള 20,24,899 രൂപയുടെ മൂലധനചെലവും ഉൾപ്പെടുന്നു.

മൂലധന ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര.ന | പ്രവൃത്തിയുടെ പേര് | തുക |
|---|---|---|
| 1 | ഗ്രൗണ്ട് സബ്റോഡ് കോൺക്രീറ്റിംഗ് | 151638.66 |
| 2 | നടുമുറി സബ് റോഡ് കോൺക്രീറ്റിംഗ് | 161151.13 |
| 3 | നടുമുറി സബ് റോഡ് കോൺക്രീറ്റിംഗ് | 92720 |
| 4 | സ്റ്റുഡൻറസ് ബ്രാഞ്ച് റോഡ് കോൺക്രീറ്റിംഗ് | 128728.42 |
| 5 | സ്റ്റുഡൻറസ് റോഡ് അറ്റം (കുറ്റിക്കാട്ടിൽ വഴി ) റോഡ് കോൺക്രീറ്റിംഗ് | 131391.5149 |
| 6 | സ്റ്റുഡൻറസ് റോഡ് അറ്റം (കുറ്റിക്കാട്ടിൽ വഴി ) റോഡ് കോൺക്രീറ്റിംഗ് | 77120 |
| 7 | പുത്തൻകുളം സബ് റോഡ് കോൺക്രീറ്റിംഗ് | 161502.1672 |
| 8 | പുത്തൻകുളം സബ് റോഡ് കോൺക്രീറ്റിംഗ് | 94080 |
| 9 | നമ്പോർക്കാവ് പാടം റോഡ് കോൺക്രീറ്റിംഗ് | 155916.25 |
| 10 | കുന്നത്തങ്ങാടി മാർക്കറ്റ് റോഡ് കോൺക്രീറ്റിംഗ് | 149006.20 |
| 11 | വിളക്കുംമാടം പ്രദേശത്ത് 136-ാം നമ്പർ അംഗൻവാടി പരിസരം പാർശ്വഭിത്തി നിർമ്മാണം ഭാഗം 1 | 4700 |
| 12 | ഫ്രണ്ട്സ് നഗർ ബ്രാഞ്ച് കാന കോൺക്രീറ്റിംഗ് | 78400 |
| 13 | ഫ്രണ്ട്സ് നഗർ ബ്രാഞ്ച് കാന കോൺക്രീറ്റിംഗ് | 158176.61 |
| 14 | വിളക്കുംമാടം പ്രദേശത്ത് 136-ാം നമ്പർ അംഗൻവാടി പരിസരം പാർശ്വഭിത്തി നിർമ്മാണം ഭാഗം 1 | 199046.9299 |
| 15 | വിളക്കുംമാടം പ്രദേശത്ത് 136-ാം നമ്പർ അംഗൻവാടി പരിസരം പാർശ്വഭിത്തി നിർമ്മാണം ഭാഗം 1 | 132512.6284 |
| 16 | വിളക്കുംമാടം പ്രദേശത്ത് 136-ാം നമ്പർ അംഗൻവാടി പരിസരം പാർശ്വഭിത്തി നിർമ്മാണം ഭാഗം 1 | 129058.76 |
| 17 | വിളക്കുംമാടം പ്രദേശത്ത് 136-ാം നമ്പർ അംഗൻവാടി പരിസരം പാർശ്വഭിത്തി നിർമ്മാണം ഭാഗം 1 | 19750 |
| | ആകെ | 2024899.08 |

പഞ്ചായത്തിന് ആസ്തി നിർമ്മിക്കാൻ ചെലവഴിച്ച 2024899 രൂപ തെറ്റായി റവന്യൂവരുമാനവും ചെലവുമായി രേഖപ്പെടുത്തിയതിനാൽ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരമുള്ള ആകെ വരുമാനം, ചെലവ് എന്നിവ

2024899 രൂപ കൂട്ടതലായി കാണിക്കുന്നു. ബാലൻസ്ഷീറ്റിൽ 20,24,899 രൂപയുടെ ആസ്തികളും, തത്തുല്യമായ തുകയ്ക്കുള്ള കാപ്പിറ്റൽ കോൺട്രിബ്യൂഷൻ തുകയും ഒഴിവാക്കപ്പെട്ടുകയും ചെയ്തിട്ടുണ്ട്. ഇത് തിരുത്തേണ്ടതാണ്.

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 26-3-2022 | 1/1 | 2343,46,000. | 24,27,778,675. |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | യഥാർത്ഥ വരവ് | യഥാർത്ഥ ചെലവ് |
|---|---|---|---|
| 22-03-2023 | 1(2) | 371925963. | 381774366. |

മുന്നിരിപ്പ് തുകയുൾപ്പെടാതെയുള്ള വരവ് ചെലവിനേക്കാൾ കുറവായാണ് ബജറ്റിൽ കാണുന്നത്. ഇത് ഗൗരവതരമായി കാണേണ്ടതും നികുതി, നികുതിയേതരവരവുകൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ അധികൃതരുടെ ഭാഗത്തുനിന്നും സ്വീകരിയ്ക്കേണ്ടതുമാണ്.

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/നീക്കിയിരിപ്പ്** |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 21344000 | 21344000 | 19216359 | 2127641 * |
| വികസന ഫണ്ട്-എസ്.സി.പി | 0 | 8061000 | 8061000 | 6635545 | 1425455* |
| മെയിന്റനൻസ്, റോഡ് | 0 | 8610000 | 8610000 | 4776144 | 3833856* |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5911000 | 5911000 | 5028136 | 882864* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Basic) (ട്രഷറി) | 0 | 134113 | 134113 | ഇല്ല | 134113* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(സ്പിൽ ഓവർ) | 0 | 2709243 | 2709243 | 1238953 | 1470290* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied)(ബാങ്ക്) | ഇല്ല | 3878718 (പലിശ 167718 ഉൾപ്പെടെ) | 3878718 | 3821100 | 57618** |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)(ബാങ്ക്) | 2499007 | 5567000 | 8066007 | 5576914 | 2489093** |
| പ്രത്യേകോദ്ദേശ കാപിറ്റൽ ഗ്രാന്റ് | 12000 | - | 12000 | - | 12000 |
| പൈക്ക | 13000 | - | 13000 | - | 13000 |
| മറ്റ് സ്കീമുകൾ (ഇനം വ്യക്തമല്ല) | 53090 | | 53090 | | 53090 |
| നിർമ്മൽ പുരസ്കാർ | 69768 | | 69768 | | 69768 |
| ഐ.സി.ഡി.എസ് | 843202 | 1358212 | 2201414 | 868663 | 1332751 |
| സാക്ഷരത | 899235 | 24985 | 924220 | - | 924220 |

| | | | | | |
|---|---|---|---|---|---|
| | | (പലിശ വരവ്) | | | |
| ഹെൽത്ത് ഗ്രാന്റ് | - | 81142 (1142 പലിശ വരവ്) | 81142 | 80000 | 1142 |
| രോഗനിർണണയത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾക്കുള്ള ഹെൽത്ത് ഗ്രാന്റ് | - | 210939( പലിശ 2778 ഉൾപ്പെടെ) | 210939 | 169810 | 41129 |
| ഫിഷറീസ് ഗ്രാന്റ് | 23875 | - | 23875 | - | 23875 |
| കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കുള്ള ക്യാപിറ്റൽ ഗ്രാന്റ് | 4590 | - | 4590 | - | 4590 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് ഗ്രാന്റ് | 975256 | - | 975256 | 381080 | 594176 |
| വികസനഫണ്ടും സംസ്ഥാന പദ്ധതികൾക്കുള്ള ഗ്രാന്റും ഒഴികെയുള്ള മറ്റ് ഗ്രാന്റുകൾ | 39739 | 550000 | 589739 | 500000 | 89739 |
| സർക്കാർ ഏജൻസികളിൽ നിന്നുള്ള ഗ്രാന്റുകൾ | - | 50000 | 50000 | - | 50000 |

കുറിപ്പ് – 1 ) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ, വികസന ഫണ്ട്- എസ്.സി.പി. എന്നീയിനങ്ങളിൽ ലഭിച്ച വരവുകളിൽ അങ്കൻവാടി ജീവനക്കാരുടെ പ്രതിഫലം,ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുക ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് ചെലവഴിക്കാൻ അവശേഷിക്കുന്ന തുകയും ബാങ്കിലെ നീക്കിയിരിപ്പും തമ്മിൽ വ്യത്യാസമുണ്ട്. ആയത് ഖണ്ഡിക 1-1-24 ൽ പരാമർശിച്ചിട്ടുണ്ട്

3) വർഷങ്ങളായി ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾ അതത് ഏജൻസികൾക്ക് തിരിച്ചടയ്ക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 220 | 23,04,36,716 | 154 | 6,59,82,577 | 28.63 | 70 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 12,13,975 | 12,13,975 | 12,13,975 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 1,95,03,638 | 1,95,03,638 | 1,95,03,638 | 0 |
| മെറ്റീരിയൽ കോസ്റ്റ് (Capital Work) | 0 | 12,13,975 | 12,13,975 | 12,13,975 | 0 |
| ആകെ | 0 | 21,931,588 | 21,931,588 | 21,931,588 | 0 |

## 1-6 ക്ഷേമ പദ്ധതികൾ( ഇൻകം ആന്റ് എക്സ്പെൻഡീച്ചർ I-6 പ്രകാരമുള്ളത്)

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 607 | 67,65,000 |
| വിധവാപെൻഷൻ | 1468 | 1,60,08,800 |
| വാർദ്ധക്യകാലപെൻഷൻ | 3099 | 3,25,88,600 |
| വികലാംഗപെൻഷൻ | 392 | 41,29,100 |
| അവിവാഹിത പെൻഷൻ | 191 | 20,66,600 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 2 | 60,000 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.08.2023 തീയതിയിൽ 11.00 AM ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഡേ ബുക്ക് പ്രകാരമുള്ള 21494/- രൂപ ക്യാഷ് ബാലൻസ് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. നോൺ-റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ വസ്തുനികുതി (തൻവർഷത്തെയും കുടിശ്ശികയും) പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. ഇതൊഴികെ ഏറെക്കുറെ 100% നികുതി പിരിവ് പൂർത്തിയാക്കിയിട്ടുണ്ട്.

08.07.2022 തീയതിയിലെ തീരുമാനം നം. 3 പ്രകാരം നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലർ ചർച്ച ചെയ്യുകയും നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

10.11.2022 തീയതിയിലെ യോഗത്തിൽ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തി നിയമാനുസൃതം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കെട്ടിട നമ്പർ ഇല്ലാത്ത കെട്ടിടങ്ങൾ കണ്ടെത്തി നിയമാനുസൃത നികുതി ചുമത്തുന്നതിനും നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങൾ റഗുലറൈസ് ചെയ്ത് നികുതി ചുമത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

06.05.2023 തീയതിയിലെ തീരുമാനം നം. 2 പ്രകാരം വസ്തുനികുതി പരിഷ്കരിക്കുന്നതിനുള്ള നിരക്കുകൾ നിശ്ചയിച്ച് ജനറൽ കമ്മിറ്റിക്ക് ശുപാർശ ചെയ്തിട്ടുണ്ട്.

17.10.2022 തീയതിയിലെ പഞ്ചായത്ത് ഭരണസമിതി യോഗ തീരുമാനം നം. 4 പ്രകാരം വസ്തുനികുതി പിരിവ് ഊർജ്ജിതമാക്കുന്നതിന് കുടുംബശ്രീ മുഖേന ഡിമാന്റ് നോട്ടീസ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ക്യാമ്പ് കളക്ഷൻ നടത്തി നികുതി പിരിച്ചെടുത്തിട്ടുണ്ട്.

ബജറ്റും തഥാർത്ഥവരവുമായുള്ള അന്തരം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യപത്രിക |
|---|---|---|---|
| വസ്തുനികുതി | 55,00,000 | 60,00,000 | 49,48,525 |
| തൊഴിൽനികുതി | 13,00,000 | 15,00,000 | 13,49,130 |
| വാടക | 4,25,000 | 4,25,000 | 3,90,504 |
| ലൈസൻസ് ഫീസ് | 3,00,000 | 3,00,000 | 3,09,950 |

ബജറ്റും യഥാർത്ഥ വരവും തമ്മിലുള്ള അന്തരം ചർച്ചയ്ക്ക് വന്നിട്ടില്ല.

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

<table>
<tr><td>ഇനം</td><td>2021-22</td><td>2022-23</td><td colspan="2">വർദ്ധനവ്</td></tr>
<tr><td>വസ്തുനികുതി റെസിഡൻഷ്യൽ</td><td>3216261</td><td>3332652</td><td>3.62</td><td rowspan="2">238 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു</td></tr>
<tr><td>വസ്തുനികുതി നോൺ റെസിഡൻഷ്യൽ</td><td>1512415</td><td>1615873</td><td>6.84</td></tr>
<tr><td>തൊഴിൽ നികുതി- സ്ഥാപനങ്ങൾ, ട്രേഡേഴ്സ്</td><td>353020</td><td>426250</td><td colspan="2">20.74</td></tr>
<tr><td>തൊഴിൽ നികുതി - ജീവനക്കാർ</td><td>919060</td><td>922880</td><td colspan="2">0.42</td></tr>
<tr><td>വാടക</td><td>253162</td><td>390504</td><td colspan="2">54.25</td></tr>
</table>

ഡിമാന്റ് തുകയുമായി താരതമ്യം ചെയ്യുമ്പോൾ കളക്ഷൻ, ഡിമാന്റിലുള്ള വർദ്ധനവ് എന്നിവ തൃപ്തികരമാണ്. എന്നാൽ വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

വസ്തുനികുതി

15.05.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 1(1) പ്രകാരം തദ്ദേശ സ്വയം ഭരണ (ആർ.ബി) വകുപ്പിന്റെ സ.ഉ.(കൈ) നം. 77/2023/LSGD, Dt.22.03.2023 ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വസ്തു നികുതി പുതുക്കുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. 05.07.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 2(1) പ്രകാരം പുതുക്കിയ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് അംഗീകരിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയായി 01.04.2023 ലെ വസ്തു നികുതി പരിഷ്കരണ നിരക്കുകൾ നടപ്പിലാക്കിയിട്ടില്ല. വസ്തു നികുതി പരിഷ്കരണം സംബന്ധിച്ച് സോഫ്റ്റ്‌വെയർ അപ്ഡേഷനോ ഡാറ്റാ പ്യൂരിഫിക്കേഷനോ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടില്ലാത്തതാണ്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ നിരക്കിൽ നികുതി ഈടാക്കി വരുന്നു.

സേവന ഉപനികുതി

നിലവിൽ പഞ്ചായത്ത് നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള സേവന ഉപനികുതി (ജലവിതരണം, ശുചിത്വ പരിപാലനം, തെരുവുവിളക്കുകൾ, ഡ്രൈനേജ് തുടങ്ങിയവ) ചുമത്തുന്നില്ല. ആയതിനുള്ള സാധ്യത പരിശോധിച്ച് ആവശ്യമായ സേവന ഉപനികുതി ചുമത്തുന്നതിന് ഭരണസമിതി തീരുമാനം എടുക്കാവുന്നതാണ്.

തൊഴിൽനികുതി

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല. നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ വിവരശേഖരണം നടത്തി തൊഴിൽനികുതി ഈടാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തുന്നതിനും ആയത് പരിശോധിച്ച് അപേക്ഷയിൽ രേഖപ്പെടുത്തിയ ജീവനക്കാരുടെ എണ്ണം കണക്കാക്കി സ്ഥാപനത്തിന് നോട്ടീസ് നൽകി തൊഴിൽനികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുകയും ചെയ്യേണ്ടതാണ്.

വിനോദനികുതി

വിനോദനികുതി ഇനത്തിൽ നിലവിൽ വരുമാനം ഇല്ല. പഞ്ചായത്ത് പരിധിയിൽ സിനിമാ തീയറ്റർ, അമ്യൂസ്മെന്റ് പാർക്ക്, നീന്തൽകുളങ്ങൾ, പ്രദർശന വിപണന മേളകൾ, സിപ്പ് ലൈൻ (റോപ്പ് വേ), ഗ്ലാസ് ബ്രിഡ്ജ്, ഹൗസ് ബോട്ട് എന്നിവയൊന്നും തന്നെ പ്രവർത്തിക്കുന്നില്ല. ടർഫ് കോർട്ട്, ഇൻഡോർ ക്ലബ്/സ്റ്റേഡിയം എന്നിവ

പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. ഇവയിൽ നിന്നും നികുതി പിരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അതിനാവശ്യമായ വ്യവസ്ഥകൾ രൂപീകരിക്കാൻ ശ്രമിക്കേണ്ടതാണ്. കോൾപ്പാടങ്ങൾ അതിർത്തി പങ്കിടുന്ന പഞ്ചായത്തായതിനാൽ വിനോദസഞ്ചാര സാധ്യതകൾ പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ സഹിതം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി വരുമാന വർദ്ധനവിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണ്.

നികുതിയേതര വരവുകൾ

വ്യവസായങ്ങളും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്

ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. പഞ്ചായത്തിലെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളും തൊഴിൽ നികുതി, ലൈസൻസ് എന്നിവ ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിക്കുന്ന തരത്തിൽ വാർഡ് അടിസ്ഥാനത്തിൽ ഡാറ്റ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

വാടക

പഞ്ചായത്തിന് ഷോപ്പിംഗ് കോംപ്ലക്സിൽ നിന്നും വാടക കൃത്യമായി പിരിച്ചെടുക്കുകയും കരാർ പ്രകാരം പ്രതിവർഷ വർദ്ധനവ് ഈടാക്കുകയും ചെയ്യുന്നുണ്ട്.

(ഓഡിറ്റ് അന്വേഷണം നം. 2/17.08.2023)

## 1-10 മാന്വൽ രസീത് പരിശോധനയിൽ കണ്ട അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർക്ക കൈമാറിയ രസീത് ബുക്ക് നമ്പർ 6976 ലെ രസീത് നമ്പർ 19 അടിസ്ഥാനപ്പെടുത്തി 5003 രൂപ ഈടാക്കിയതായി ബന്ധപ്പെട്ട കളക്ഷൻ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. എന്നാൽ ടി രസീത് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത രസീത് മേൽ സൂചിപ്പിച്ച തുക ഈടാക്കുന്നതിന് ഉപയോഗപ്പെടുത്തിയിട്ടില്ല. ആയതിന്റെ പകർപ്പിലും രേഖപ്പെടുത്തൽ കാണുന്നില്ല. ഈ തുക 3.3.23 ൽ പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്. ആയതിൽ നിന്നും കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ 2011 ലെ ചട്ടം 20(2)എ ചട്ടപ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിന് വേണ്ടി പണം സ്വീകരിക്കുമ്പോൾ യാതൊരു വീഴ്ചയും കൂടാതെ രസീത് നൽകേണ്ടതാണ്. എന്നാൽ ഈ വ്യവസ്ഥ പാലിച്ചിട്ടില്ല. മേൽ അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-11 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ - അപാകതകൾ

I) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31-10-2017 ലെ സ.ഉ.(പി)നം.80/2017 (SRO No.674/2017) പ്രകാരം 1996ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് പുറപ്പെടുവിച്ച ഭേദഗതികൾ പ്രകാരം ടി ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നാക്കി മാറ്റിയിട്ടുണ്ട്. അതനുസരിച്ച് ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് എടുക്കുന്ന സ്ഥാപനങ്ങളെ തരംതിരിച്ച് ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

II) 2017 ലെ ഭേദഗതി ഉത്തരവ് പ്രകാരം എല്ലാ വിധ സംരംഭക, സേവന പ്രവർത്തനങ്ങളും ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നതാണ്. ഇതിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥാപനങ്ങളടക്കമുള്ളവയെയും ഓഫീസ് മാത്രമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെയും (ഭേദഗതിക്ക് മുൻപ് ലൈസൻസ് എടുക്കാത്തവ) ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുകയോ ആയതിന് പ്രത്യേക കർമ്മപദ്ധതി തയ്യാറാക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

III) ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 503 സ്ഥാപനങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ലൈസൻസ് രജിസ്റ്റർ പ്രകാരം 556 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടുണ്ട്. വാർഡ് അടിസ്ഥാനത്തിൽ പരിശോധന നടത്തി സ്ഥാപനങ്ങളുടെ വിവരങ്ങൾ ക്രമീകരിച്ച് ട്രെഡേഴ്സ് ലിസ്റ്റ് കാലികമാക്കേണ്ടതാണ്.

IV) സഞ്ചയ പ്രകാരം നിലവിലെ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെ എണ്ണം 292 ആണ് എന്ന് അറിയിച്ചിട്ടുണ്ട്. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 205ബി പ്രകാരം കെട്ടിട ഉടമകൾക്ക് നോട്ടീസ് നൽകുകയും എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തുന്നതിനുമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

V) പല അപേക്ഷകളിലും മൂലധനം സംബന്ധിച്ച വിവരം, ജീവനക്കാരുടെ എണ്ണം എന്നിവ രേഖപ്പെടുത്തുന്നില്ല.

VI) വോൺ ഫ്യൂവൽസ് എന്ന പെട്രോൾ പമ്പിന്റെ അപേക്ഷയോടൊപ്പം സ്റ്റോറേജ് ലൈസൻസ്, എക്സ്പ്ലോസീവ് ലൈസൻസ് എന്നിവ ഹാജരാക്കിയിട്ടില്ല.

VII) ശ്രീ മാധവ ഗ്യാസ് ഏജൻസീസ് (XII/8) എന്ന സ്ഥാപനത്തിന്റെ അപേക്ഷയോടൊപ്പം ഹാജരാക്കിയ Gas Cylinders Rules 2016, Rule 55(5) പ്രകാരം PESO നൽകുന്ന ലൈസൻസിന്റെ കാലാവധി 30.09.2022 വരെ മാത്രമാണ്.

VIII) 09.05.2022 തീയതിയിലെ ഭരണസമിതി യോഗം തീരുമാനം നം. 26 പ്രകാരം ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്ന 10 റേഷൻകടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ അടവാക്കുന്നതിന് നടപടി സ്വീകരിക്കുന്നതിന് തീരുമാനിച്ചിരുന്നു. ഇവയിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 9/21.08.2023)

## 1-12 പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ല.

ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് എടുത്ത് ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ പ്രകാരമുള്ള ലൈസൻസ് എടുത്തിട്ടില്ല.
1) ന്യൂ നിവേദ്യ മെഡിലാബ് ക്ലിനിക് & ഇ.സി.ജി
2) ഡോൺ ബോസ്കോ ലാബ്
3) ഭദ്ര ഹൈടെക് ലാബ്
4) ജ്യോതിസ് ലാബ്
5) ഹൈജിയ മെഡ് ലബോറട്ടറീസ്
6) ഡോ. ഷൈനീസ് മൾട്ടി സ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്
7) തട്ടിൽ ഡെന്റൽ കെയർ
8) അമ്മ ലബോറട്ടറി

മേൽ സ്ഥാപനങ്ങൾ നിയമാനുസൃതമായ പാരാമെഡിക്കൽ ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 4/18.08.2023)

## 1-13 ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ മുഴുവൻ കെട്ടിടങ്ങളുടെയും സഞ്ചയ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയായിട്ടില്ല. സഞ്ചയ പ്രകാരം 9 കെട്ടിടങ്ങളുടെ ഡാറ്റ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Sl No | Ward Name | No. Of Buildings | Purification Completed Count | | | | | | Purification Pending Count |
|---|---|---|---|---|---|---|---|---|---|
| | | | Operator Pending | Operator Completed | Verifier Pending | Verifier Completed | Approver Pending | Approver Completed | |
| 1 | (1) എറവ് നോർത്ത് | 585 | 0 | 585 | 0 | 585 | 0 | 585 | 0 |
| 2 | (2) വടക്കുംപുറം | 710 | 1 | 709 | 0 | 709 | 0 | 709 | 1 |
| 3 | (3) അരിമ്പൂർ | 814 | 0 | 814 | 0 | 814 | 0 | 814 | 0 |
| 4 | (4) പരക്കാട് | 719 | 0 | 719 | 0 | 719 | 1 | 718 | 1 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| | വെസ്റ്റ് | | | | | | | | |
| 5 | (5) പരക്കാട് ഈസ്റ്റ് | 807 | 0 | 807 | 0 | 807 | 4 | 803 | 4 |
| 6 | (6)കിഴക്കുംപുറം | 745 | 2 | 743 | 0 | 743 | 1 | 742 | 3 |
| 7 | (7) മനക്കൊടി | 596 | 0 | 596 | 0 | 596 | 0 | 596 | 0 |
| 8 | (8) നട്ടുമുറി | 543 | 0 | 543 | 0 | 543 | 0 | 543 | 0 |
| 9 | (9)മനക്കൊടി സൗത്ത് | 631 | 1 | 630 | 0 | 630 | 0 | 630 | 1 |
| 10 | (10) തച്ചംപിള്ളി | 679 | 0 | 679 | 0 | 679 | 0 | 679 | 0 |
| 11 | (11) വെളുത്തൂർ | 578 | 0 | 578 | 0 | 578 | 0 | 578 | 0 |
| 12 | (12) വിളക്കംമാടം | 594 | 0 | 594 | 0 | 594 | 0 | 594 | 0 |
| 13 | (13)കുന്നത്തങ്ങാടി | 694 | 0 | 694 | 0 | 694 | 0 | 694 | 0 |
| 14 | (14) കൈപ്പിള്ളി ഈസ്റ്റ് | 524 | 0 | 524 | 0 | 524 | 0 | 524 | 0 |
| 15 | (15) കൈപ്പിള്ളി | 693 | 0 | 693 | 0 | 693 | 0 | 693 | 0 |
| 16 | (16) എറവ് ഈസ്റ്റ് | 638 | 0 | 638 | 0 | 638 | 0 | 638 | 0 |
| 17 | (17)എറവ് സൗത്ത് | 590 | 0 | 590 | 0 | 590 | 0 | 590 | 0 |
| | Total | 11140 | 4 | 11136 | 0 | 11136 | 6 | 11130 | 10 |

ഡാറ്റാ പ്യൂരിഫിക്കേഷൻ പൂർത്തിയാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.2/17.08.2023)

## 1-14 തൊഴിൽ നികുതി അപാകതകൾ

കേരള പഞ്ചായത്ത് രാജ് നിയമം 204 (l) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു കമ്പനിയിൽ നിന്നും, 204 (2) വകുപ്പ് പ്രകാരം അറുപത് ദിവസത്തിൽ കുറയാതെ ഏതെങ്കിലും തൊഴിലിലോ ബിസിനസ്സിലോ ഏർപ്പെട്ട ഏതൊരാളിൽ നിന്നും പരമാവധി നിർണ്ണയിക്കപ്പെട്ട നിരക്കുകളിൽ കവിയാതെ തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് അനുശാസിക്കുന്നു. ഇത് പ്രകാരം പഞ്ചായത്തിലെ തൊഴിൽനികുതി ഈടാക്കുന്നത് സംബന്ധിച്ച താഴെ പറയുന്ന അപാകതകൾ കാണുന്നു.

l) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

1) ക്ഷീരോത്പാദക സഹകരണസംഘം, വടക്കുംപുറം – I & II Half

2) ക്ഷീരോത്പാദക സഹകരണസംഘം, എറവ് – I & II Half

3) BSNL – I & II Half

II) താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1) HDFC Bank – I & II Half

2) തൃശ്ശൂർ താലൂക്ക് ചെത്ത് തൊഴിലാളി വിവിധോദ്ദേശ സഹകരണ സംഘം – I & II Half

3) കേരള ബാങ്ക് – II Half

III) 2022-23 വർഷം പഞ്ചായത്തിലെ വിവിധ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. പേര് വിവരം താഴെ ചേർക്കുന്നു.

അനുരാഗ്.പി.പി, ജിൽജോ.സി.ജോസ്, ഡേവീസ്.പി.പി, മാർട്ടിൻ ചാലിശ്ശേരി, അശോക് കുമാർ, വിനോദ്.പി, ജോസ് പോൾ, ശരത്.വി, ഹരീഷ് കുമാർ.എ, തരുൺ.ടി.എസ്, കൊച്ചുമോൻ.കെ.എ

IV) G.O(P) No. 78/2017/LSGD, Dt. 31.10.2017 പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 14 ൽ ഭേദഗതി വരുത്തി 14 A വകുപ്പ് കൂട്ടിച്ചേർക്കുകയുണ്ടായി. ഇത് പ്രകാരം മുഴുവൻ തൊഴിലുടമകൾക്കും തങ്ങളുടെ സ്ഥാപനത്തിലെ ജീവനക്കാരുടെ തൊഴിൽനികുതി ഓൺലൈനായി അടവാക്കുന്നതിന് വേണ്ട സൗകര്യം പഞ്ചായത്ത് സെക്രട്ടറി ഒരുക്കേണ്ടതാണ്. പ്രസ്തുത ഭേദഗതിക്കനുസൃതമായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കിയില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 205 (ബി), (സി) എന്നീ വകുപ്പുകൾ പ്രകാരം നോട്ടീസ് നൽകി പഞ്ചായത്ത് പരിധിയിൽ തൊഴിൽ നികുതി അടവാക്കാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 10/21.08.2023)

## 1-15 ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്

വാർഷിക കണക്ക് പ്രകാരം ലൈവ്സ്റ്റോക്ക് ഫാം ലൈസൻസ് ഇനത്തിൽ പഞ്ചായത്തിന് വരവില്ല. എന്നാൽ ഡയറി ഫാം ഇൻസ്പെക്ടർ നടപ്പിലാക്കിയ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി എന്ന പ്രൊജക്ടിലെ രേഖകൾ പ്രകാരം താഴെ പറയുന്ന കർഷകർക്ക് അഞ്ചിൽ കൂടുതൽ ഉരുക്കളുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1) ഇന്ദിര നാരായണൻകുട്ടി, ചുള്ളിപ്പറമ്പിൽ വീട്, വെളുത്തൂർ – 7 എണ്ണം
2) ബാലരാജലക്ഷ്മി.എം.ബി, മേനോത്തുപറമ്പിൽ വീട്, മനക്കൊടി – 14 എണ്ണം
3) അനീഷ്.കെ.ഡി, കടേപറമ്പിൽ വീട്, മനക്കൊടി – 7 എണ്ണം
4) ഷിയാര.സി.പി, പുളിക്കത്തറ വീട്, അരിമ്പൂർ – 10 എണ്ണം
5) സതീശൻ, ചുള്ളിപ്പറമ്പിൽ വീട്, വെളുത്തൂർ – 8 എണ്ണം
6) ശശികുമാർ, പനമുക്കത്ത് വീട്, വെളുത്തൂർ – 10 എണ്ണം
7) ഗോപി.സി.കെ, ചുള്ളിപ്പറമ്പിൽ വീട്, കുന്നത്തങ്ങാടി – 10 എണ്ണം
8) തട്ടിൽ ഉമ്പാവു, മനക്കൊടി – 10 എണ്ണം

2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം, അഞ്ചിൽ കൂടുതൽ കന്നുകാലികളെ വളർത്തുന്നതോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതോ ആയ ഒരു ലൈവ് സ്റ്റോക്ക് ഫാം, സ്ഥാപിക്കുന്നതോ നടത്തിക്കൊണ്ടുപോകുന്നതോ, 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232-ാം വകുപ്പ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമായ അസഹ്യതയുളവാക്കുന്ന ഒരു പ്രവൃത്തിയായിരിക്കുന്നതാണ്. പഞ്ചായത്തിൽ നിന്നുള്ള ലൈസൻസോ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമം 2019, വകുപ്പ് 3(3) പ്രകാരമുള്ള നിയമാനുസൃതമായ കൈപ്പറ്റ് സാക്ഷ്യപത്രമോ ഇല്ലാതെ, ഇത്തരത്തിലുള്ള സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർക്കുന്നില്ല എന്ന് ഉറപ്പ് വരുത്തേണ്ടതും ലൈസൻസ് അനുവദിക്കുമ്പോൾ, 2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 5 പ്രകാരം, മാലിന്യങ്ങൾ കൈയ്യൊഴിക്കുന്നതിന് ലൈവ് സ്റ്റോക്ക് ഫാമുകളിൽ വേണ്ട ക്രമീകരണങ്ങൾ ഉറപ്പാക്കേണ്ടതുമാണ്.

മേൽ സൂചിപ്പിച്ച വ്യക്തികൾ നിയമാനുസൃതമായ ലൈസൻസ് എടുക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 5/18.08.2023)

## 1-16 തെരുവ് നായ്ക്കളെ ഇല്ലായ്മ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് ഫലപ്രാപ്തിയിലെത്തുന്നതിന് ശ്രമിക്കേണ്ടതാണ്.

2022-23 വർഷത്തിൽ തെരുവ് നായ്ക്കളുടെ ആക്രമണത്തിന് നഷ്ടപരിഹാരം നൽകുന്നതുമായി ബന്ധപ്പെട്ട് ബഹു. ജസ്റ്റിസ് സിരിജഗൻ കമ്മറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച സ.ഉ.(സാധാ) നം. 503/2020 /എൽ.എസ്.ജി.ഡി. തീയതി 28/02/2020 നമ്പർ ഉത്തരവനുസരിച്ച് പഞ്ചായത്തിൽ വിവിധ പരാതികൾ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ഭരണസമിതി യോഗത്തിൽ ചർച്ച ചെയ്ത ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

1) 18.04.2022 തീയതിയിലെ തീരുമാനം നം. 4(1) പ്രകാരം അരിമ്പൂർ ഗ്രാമപഞ്ചായത്ത് മനക്കൊടി ദേശത്ത് താമസിക്കുന്ന ശ്രീ.ജനാർദ്ദനൻ മേനോത്തുപറമ്പിൽ എന്നവരെ തെരുവു നായ കടിച്ചത് സംബന്ധിച്ച് തൃശ്ശൂർ മുൻസിഫ് കോടതി മുമ്പാകെ സമർപ്പിച്ച OS3250/15 നമ്പർ ഹർജിയിന്മേൽ നഷ്ട പരിഹാര തുകയായ 1,00,000 രൂപയും 6 ശതമാനം പലിശ സഹിതം അനുവദിക്കുന്നതിന് മുൻസിഫ് കോടതി വിധി പുറപ്പെടുവിച്ചിട്ടുള്ള വിധിക്കെതിരെ അപ്പീൽ നൽകുന്നതിനും കോടതി ചെലവിലേക്ക് 17000 രൂപ അനുവദിക്കുന്നതിനും പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചിട്ടുണ്ട്.

2) 26.07.2022 തീയതിയിലെ തീരുമാനം നം. 23 പ്രകാരം വാർഡ് 7ൽ താമസിക്കുന്ന പാണേങ്ങാടൻ അന്തോണി മകൻ തോമസ് എന്നവരും ടിയാൻറെ ഭാര്യയും മോട്ടാർ സൈക്കിളിൽ പോകുമ്പോൾ നായ കുറുകെ ചാടിയതിനെത്തുടർന്ന് വണ്ടിയിൽ നിന്ന് വീണ് പരിക്ക പറ്റിയതായി സമർപ്പിച്ച അപേക്ഷ കമ്മിറ്റിയിൽ വിശദമായി ചർച്ച ചെയ്യുകയും തെരുവ് നായ നിയന്ത്രണത്തിന് നിലവിലെ നിയമ പ്രകാരം നടപ്പിലാക്കേണ്ട ABC പ്രോഗ്രാം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളതാണെന്നും അപേക്ഷകന് 115000/- രൂപ ചെലവായിട്ടുള്ളതായും ഇനിയും കൂടുതൽ അവശ്യമാണെന്നും അറിയിച്ചിട്ടുള്ളത് പഞ്ചായത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയനുസരിച്ച് തുക നല്കാൻ നിർവാഹമില്ലാത്തതിനാൽ അപേക്ഷ നിരസിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

3) 13.03.2023 തീയതിയിലെ തീരുമാനം നം. 11(1) പ്രകാരം അരിമ്പൂർ ഗ്രാമപഞ്ചായത്ത് അതിർത്തിക്കുള്ളിൽ തെരുവ്നായ മൂലം അപകടം സംഭവിച്ചുവെന്നും ആയതിന് നഷ്ട പരിഹാരം ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.തോമസ്.പി.എ, പാണേങ്ങാടൻ വീട്, പി.ഒ.മനക്കൊടി എന്നവർ ക്ലെയിം നമ്പർ 1000/2022 ആയി ബഹു.ജസ്റ്റിസ് സിരിജഗൻ കമ്മിറ്റി മുമ്പാകെ സമർപ്പിച്ച അപേക്ഷ അരിമ്പൂർ ഗ്രാമപഞ്ചായത്ത് കമ്മറ്റി വിശദമായി ചർച്ചചെയ്യുകയും തെരുവ് നായ വട്ടം ചാടിയത് മൂലം ഉണ്ടായ അപകടത്തെ തുടർന്ന് ചികിത്സക്കായി ചെലവഴിച്ച തുക അനുവദിക്കുന്നതിനായി നൽകിയ അപേക്ഷയിലെ രേഖകൾ പരിശോധിച്ചതിന്റേയും സംഭവത്തിന് ദൃക്സാക്ഷികളായവരുടെ മൊഴിയിൽ നിന്നും ടി അപകടം തെരുവ് നായ മൂലം സംഭവിച്ചതാണെന്നും ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും പ്രസ്തുത വിവരം ക്ലെയിം നമ്പർ 1000/2022 ലേക്ക് സത്യവാങ്മൂലമായി നല്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

തെരുവ് നായ നിയന്ത്രണത്തിനായി പഞ്ചായത്ത് ഭരണ സമിതി യോഗത്തിൽ വിവിധ നടപടികൾ എടുക്കുന്നതിനുള്ള തീരുമാനങ്ങളും എടുത്തിട്ടുണ്ട്.

1) 20.09.2022 തീയതിയിലെ ഭരണസമിതി തീരുമാനം നം. 3 പ്രകാരം സംസ്ഥാനത്തെ തെരുവ്നായകൾ മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നത് സംബന്ധിച്ച സ.ഉ.(സാധാ) നം.2244/2022/LSGD തീയതി 15.09.2022 നമ്പർ സർക്കാർ ഉത്തരവ് വായിച്ച് ചർച്ചചെയ്യുകയും തദ്ദേശ സ്ഥാപനതല ജനകീയ കമ്മിറ്റി രൂപീകരിച്ച് തീരുമാനിമെടുക്കുകയുമുണ്ടായി.

2) 29.10.2022 തീയതിയിലെ ഭരണസമിതി യോഗം തീരുമാനം നം. 7 പ്രകാരം ഒന്നാം വാർഡിലും വിദ്യാരണ്യ സ്കൂൾ പരിസരത്തും നായ ശല്ല്യം രൂക്ഷമാണെന്നും തെരുവ് നായ ശല്ല്യം പരിഹരിക്കണമെന്നുമുള്ള അപേക്ഷകൾ വായിച്ച് ചർച്ച ചെയ്യുകയും ഡോഗ് ക്യാച്ചേഴ്സിനെ ഉൾപ്പെടുത്തിക്കൊണ്ട് നടപടികൾ സ്വീകരിക്കുന്നതിന് വെറ്റിനറി സർജ്ജനോട് നിർദ്ദേശിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

3) ഇതേ തീയതിയിലെ യോഗ തീരുമാനം നം. 12(1) പ്രകാരം പേവിഷബാധയ്ക്കെതിരെയുള്ള പ്രതിരോധ കുത്തിവെയ്പ്പ് തെരുവ് നായകൾക്ക് എടുക്കുന്നതിനായി നായ്ക്കളെ പിടിച്ച് തരുന്നതിനായുള്ള ഡോഗ് കാച്ചേഴ്സ് ലിസ്റ്റ് അംഗീകരിക്കുകയും തുടർനപടികൾ സ്വീകരിക്കുന്നതിന് വെറ്ററിനറി സർജനെ ചുമതലപ്പെടുത്തി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

അതുപോലെതന്നെ വളർത്തുമൃഗങ്ങൾക്ക് ലൈസൻസ് ഇനത്തിൽ 2022-23 വർഷത്തിൽ വൻ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2021-22 വർഷം ഈയിനത്തിൽ 800 രൂപ മാത്രം വരവ് ഉണ്ടായിരുന്നത് 2022-23 വർഷത്തിൽ 7460 രൂപയായി ഉയർന്നിട്ടുണ്ട് എന്നുള്ളത് കാര്യക്ഷമമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടക്കുന്നുണ്ട് എന്ന് സൂചിപ്പിക്കുന്നതാണ്.

കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 166(1) മൂന്നാം പട്ടിക പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുകയും അലഞ്ഞു നടക്കുന്ന നായ്ക്കളെ ഇല്ലായ്മ ചെയ്യുകയും ചെയ്യുക എന്നത് ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയിൽപ്പെട്ടതാണ്. 2022-23 വർഷത്തെ വാർഷിക പദ്ധതി പ്രകാരം അനിമൽ ബർത്ത് കൺട്രോളിനായി തുക വകയിരുത്തുകയോ, ചെലവഴിക്കുകയോ ചെയ്തിട്ടില്ല. പ്രൊജക്ട് നം. 229/23 പ്രകാരം തെരുവ് നായ്ക്കളിലെ പേ വിഷബാധ നിർമ്മാർജ്ജന പദ്ധതിയ്ക്കായി തനത് ഫണ്ടിൽ നിന്നും 1,00,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും തുകയൊന്നും തന്നെ ചെലവഴിച്ചിട്ടില്ല. ഇക്കാര്യങ്ങളിൽ ഭരണസമിതി പ്രത്യേകം ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 11/21.08.2023)

## 1-17 ആശുപത്രി മാനേജ്മെന്റ് കമ്മിറ്റിയുടെ വാർഷികകണക്കുകൾ ലഭ്യമാക്കേണ്ടതാണ്

2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള മാനേജ്മെന്റ് കമ്മിറ്റി) ചട്ടങ്ങൾ

സ.ഉ.(ആർ.റ്റി.) 3379/2004 എച്ച് & എഫ്.ഡബ്ല്യൂ.ഡി തീ.03.12.2004 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ രൂപം കൊണ്ടിട്ടുള്ള, താഴെ ചേർക്കുന്നതു പ്രകാരമുള്ള ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ ബന്ധപ്പെട്ട ചട്ടങ്ങൾക്ക് വിധേയമായി 2022-23 സാമ്പത്തിക വർഷം ഉൾപ്പടെയുള്ള വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ലാത്തതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. (ഓഡിറ്റ് എൻക്വയറി നം.17, തീയതി 22.08.2023)

| ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റി | രൂപീകൃതമായ വർഷം/തീയതി | ഓഡിറ്റിന് ഹാജരാക്കാനുള്ള വാർഷിക കണക്കുകൾ |
|---|---|---|
| പി.എച്ച്.സി, അരിമ്പൂർ | 2004 | 2021-22 ഉൾപ്പെടെയുള്ളത് ഓഡിറ്റ് നടത്തി |
| ജി.എ.ഡി, അരിമ്പൂർ | ലഭ്യമല്ല | ലഭ്യമല്ല |
| ജി.എച്ച്.ഡി, അരിമ്പൂർ | രേഖകൾ ലഭ്യമല്ല | ലഭ്യമല്ല |

ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുന്നതിന് വേണ്ട ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 സാമൂഹ്യ സുരക്ഷ പെൻഷൻ-മരണപ്പെട്ട ഗുണഭോക്താക്കളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും നീക്കം ചെയ്യേണ്ടതാണ്

മരണപ്പെടുന്നവരേയും നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം അർഹരല്ലാത്തവരേയും പെൻഷൻ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കാത്തതു മുഖേന സർക്കാരിനു സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന പക്ഷം പ്രസ്തുത തുക ബന്ധപ്പെട്ട പ്രാദേശിക സർക്കാർ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് 02.08.2021 ലെ 63/2021/ധന നമ്പർ സർക്കുലർ പ്രകാരം ധനകാര്യ (എസ് എഫ് സി-ബി) വകുപ്പ് പരിഷ്കരിച്ച് ഉത്തരവിറക്കിയിരുന്നു. ടി സർക്കുലർ പ്രകാരം പ്രാദേശിക സർക്കാരിൽ അതത് മാസം രജിസ്റ്റർ ചെയ്യപ്പെടുന്ന മരണങ്ങളിൽ മറ്റേതെങ്കിലും പ്രാദേശിക സർക്കാരിൽ സ്ഥിരതാമസമാക്കിയ വ്യക്തികൾ ഉള്ളപക്ഷം മരണം രജിസ്റ്റർ ചെയ്യപ്പെടുന്ന പ്രാദേശിക സർക്കാർ സെക്രട്ടറി മരണപ്പെട്ട വ്യക്തി സ്ഥിരതാമസാക്കിയിട്ടുള്ള പ്രാദേശിക സർക്കാരിൽ അടുത്ത മാസം 10-ാം തീയതിക്ക് മുൻപ് അറിയിക്കേണ്ടതും, ആയത് പരിശോധിച്ച് അനർഹരായവരെ പെൻഷൻ ഡാറ്റാബേസിൽ നിന്നും ഒഴിവാക്കുവാൻ പ്രാദേശിക സർക്കാർ സെക്രട്ടറിമാർ സമയബന്ധിതമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

എന്നാൽ ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മരണറിപ്പോർട്ട് രജിസ്റ്ററിലെ വിവരങ്ങൾ സേവന വെബ്സൈറ്റിലെ പെൻഷൻ തിരച്ചിൽ സംവിധാനം മുഖേന പരിശോധിച്ചപ്പോൾ അരിമ്പൂർ ഗ്രാമപഞ്ചായത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെട്ട താഴെ കൊടുത്തിരിക്കുന്ന ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക കൈമാറ്റം ചെയ്യുന്നത് തുടരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

| ക്രമ നം. | പെൻഷനറുടെ പേര് | മരണപ്പെട്ട തീയതി | ആധാർ നമ്പർ | പെൻഷൻ ഇനം | അവസാനം പെൻഷൻ വിതരണം ചെയ്ത കാലയളവ് |
|---|---|---|---|---|---|
| 1. | റാഹേൽ ജോർജ്ജ് | 28.12.21 | 336381446738 | വിധവാ പെൻഷൻ | 04/23 |
| 2. | ഫിലോമിന | 25.01.22 | 326700727451 | വാർദ്ധക്യ പെൻഷൻ | 02/23 |
| 3. | ഗൗരിയമ്മ | 03.03.22 | 586079471736 | കർഷക പെൻഷൻ | 05/23 |
| 4 | ശ്രീധരൻ. എം.വി | 14.03.22 | 309599047257 | കർഷക പെൻഷൻ | 05/23 |

ഗ്രാമപഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഗ്രാമപഞ്ചായത്ത് മുഖേന സാമൂഹ്യസുരക്ഷ പെൻഷൻ

കൈപ്പറ്റുന്നവരുടെ പെൻഷൻ അക്കൗണ്ട് സസ്പെൻഡ് ചെയ്യാതിരിക്കുകയും തത് ഫലമായി മരണശേഷവും തുക അനുവദിച്ചിട്ടുള്ളതായി സേവന പെൻഷൻ പോർട്ടലിലെ തിരച്ചിൽ സംവിധാനം ഉപയോഗിച്ചതിലൂടെ മനസ്സിലാകുന്നു. മരണപ്പെട്ടവരെ യഥാസമയം പെൻഷൻ ഡാറ്റാബേസിൽ നിന്നും സമയബന്ധിതമായി ഒഴിവാക്കുന്നതിനും തൻവർഷം മരണപ്പെട്ട മുഴുവൻ പെൻഷൻ ഗുണഭോക്താക്കളുടെയും വിശദാംശങ്ങൾ പരിശോധിച്ച് അധികം നൽകിയ തുക തിരികെ ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 12/21.08.2023)

## 1-19 മെഡിക്കൽ ഓഫീസർ ഹോമിയോ നടപ്പിലാക്കിയ പദ്ധതി - അപാകതകൾ

പ്രൊജക്ട് നം. 190/23, ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നും മരുന്ന് വിതരണ സാമഗ്രികളും വാങ്ങൽ
അടങ്കൽ – 2,00,000/-, ചെലവ് തുക – 2,00,000/-, വൗച്ചർ നം. 42201153/18.10.2022

1) പ്രൊഫോമ ഇൻവോയ്സ് നം. PF-426/26.09.2022 പ്രകാരം 18.10.2022 തീയതിയിൽ മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസ് ലിമിറ്റഡിന് (ഹോംകോ) NEFT വഴി 2,00,000/- രൂപ ട്രാൻസ്ഫർ ചെയ്ത് നൽകുകയും 02.12.2022 തീയതിയിൽ കരാർ വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസറുടെ 22.11.2022 തീയതിയിലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 06.12.2022 തീയതിയിൽ മാത്രമാണ് ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) നോൺ-അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുള്ളത്. NAC ലഭ്യമാകുന്നതിന് മുൻപ് തന്നെ കരാർ വച്ച് തുക കൈമാറിയതിന്റെ കാരണം അറിയിക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ മരുന്നുകൾ അത്യാവശ്യമായതിനാലാണ് ഇത്തരത്തിൽ സംഭവിച്ചതെന്നാണ് അറിയിച്ചിട്ടുള്ളത്. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2) 14.07.2023 തീയതിയിലെ ഇൻവോയ്സ് നം. LF-540 പ്രകാരം 1,19,025/- രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. അവശേഷിക്കുന്ന തുകയുടെ മരുന്ന് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 1/16.08.2023)

## 1-20 അമൃതം ഫുഡ്, കുമാരി പ്ലസ്, പോഷകം, മോണിംഗ് സ്നാക്ക് എന്നീ ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 17/23 അങ്കണവാടി പോഷകാഹാര പദ്ധതി എന്ന പ്രോജക്ടിൽ ഫൈവ് സ്റ്റാർ അമൃതം ഫുഡ് പ്രൊഡക്ട്സ്, വെങ്ങിണിശ്ശേരി, പാറളം എന്ന സ്ഥാപനത്തിൽ നിന്നും താഴെ പറയും പ്രകാരം അമൃതം ഫുഡ്, കുമാരി പ്ലസ്, പോഷകം, മോണിംഗ് സ്നാക്ക് എന്നീ ഉൽപ്പന്നങ്ങൾ 2.5% CGSTയും, 2.5% SGSTയും നല്കി വാങ്ങിയിട്ടുള്ളതാണ്.

| ക്രമ.നം. | ഉൽപ്പന്നം | ഇൻവോയ്സ് നം. | തീയതി | തുക | CGST@ 2.5% | SGST @ 2.5% | വൗച്ചർ നം. | തീയതി |
|---|---|---|---|---|---|---|---|---|
| 1 | അമൃതം | 435 | 20.06.22 | 66570 | 1664.25 | 1664.25 | 42201123 | 05.07.22 |
| 2 | അമൃതം | 430 | 22.04.22 | 60480 | 1512 | 1512 | | |
| 3 | കുമാരി പ്ലസ് | 431 | 22.04.22 | 32200 | 805 | 805 | | |
| 4 | പോഷകം | 431 | 22.04.22 | 17600 | 440 | 440 | | |
| 5 | മോണിംഗ് സ്നാക്ക് | 431 | 22.04.22 | 9280 | 232 | 232 | | |
| 6 | കുമാരി പ്ലസ് | 421 | 16.03.22 | 37600 | 940 | 940 | 42201188 | 30.11.22 |
| 7 | പോഷകം | 421 | 16.03.22 | 24200 | 605 | 605 | | |
| 8 | മോണിംഗ്സ്നാക്ക് | 421 | 16.03.22 | 19520 | 488 | 488 | | |
| 9 | അമൃതം | 420 | 16.03.22 | 79135 | 1978.38 | 1978.38 | | |
| 10 | അമൃതം | 460 | 01.11.22 | 65170 | 1629.25 | 1629.25 | 22200904 | 05.01.23 |
| 11 | അമൃതം | 467 | 05.12.22 | 53130 | 1328.25 | 1328.25 | | |
| 12 | അമൃതം | 451 | 06.10.22 | 54180 | 1354.50 | 1354.50 | | |

CGST ആക്ട് 2017ലെ വകുപ്പ് 51(1) പ്രകാരം വിതരണത്തിന്റെ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന സാധനങ്ങളുടെയോ സേവനങ്ങളുടേയോ രണ്ടിന്റേയോ കരാറുകാരുടെ ബില്ലിൽ നിന്നും 1% ടിഡിഎസ് പിടിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. SGST ആക്ട് 2017ലെ വകുപ്പ് 51(1) സമാനമായ നിർദ്ദേശമുള്ളതാണ്. ആയതിനാൽ ആകെ മൂല്യം 2½ ലക്ഷത്തിൽ അധികരിക്കുന്ന ബില്ലുകളിൽ നിന്നും CGST,SGSTഇനങ്ങളിൽ 1% വീതം ആകെ 2% നികുതി സ്രോതസിൽ നിന്നും ഈടാക്കേണ്ടതാണ്. എന്നാൽ മേൽ പട്ടികപ്പെടുത്തിയ പ്രകാരം ഫൈവ് സ്റ്റാർ അമൃതം ഫുഡ് പ്രൊഡക്ട്സ്, വെങ്ങിണിശ്ശേരി, പാറളം എന്ന സ്ഥാപനത്തിൽ നിന്നും അമൃതം ഫുഡ്', കുമാരി പ്ലസ്', പോഷകം, മോണിംഗ് സ്നാക്ക് ' എന്നീ ഉത്പന്നങ്ങൾ വാങ്ങിയപ്പോൾ CGST,SGSTഇനങ്ങളിൽ ടി.ഡി.എസ് ഈടാക്കായിട്ടില്ലാത്തതാണ്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. ഭാവിയിൽ ഈ സ്ഥാപനങ്ങളിൽ നിന്നുമുള്ള വാങ്ങലുകളിൽ ജിഎസ്റ്റി ടിഡിഎസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.6/18.08.2023)

## 1-21 വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായ 188/23 ഭിന്നശേഷി സൗഹൃദ ഗ്രാമപഞ്ചായത്ത് - കോക്ലിയാർ ഇംപ്ലാന്റേഷൻ -തുക കൈമാറൽ എന്ന പ്രോജക്ട് പ്രകാരം 49,998/- രൂപ (വികസന ഫണ്ട്-ജനറൽ, വൗച്ചർ നം.42201322/25.02.23) എക്സിക്യൂട്ടീവ് ഡയറക്ടർ ,കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ,തിരുവനന്തപുരം എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്.ആയതിന്റെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (8/21.08.23) മറുപടി അറിയിച്ചിട്ടില്ലാത്തതാണ്. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-22 സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതി -വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥയായ 60/23 ഐ.കെ.എം പ്രവർത്തന ഫണ്ടിലേക്കുള്ള വിഹിതം എന്ന പ്രോജക്ട് പ്രകാരം 90,848/- രൂപ (വികസന ഫണ്ട്-ജനറൽ, വൗച്ചർ നം.42201134/08.08.22) എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം എന്ന സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(14/21.08.23) മറുപടി അറിയിച്ചിട്ടില്ല.വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-23 മാലിന്യം കൊണ്ടുപോകുന്നതിന് വാഹനം വാങ്ങൽ

| | |
|---|---|
| പ്രോജക്റ്റ് നം | SO123/23 |
| അടങ്കൽ | 2,80,000/-കേന്ദ്രാവിഷ്കൃത പരിപാടി |
| ചെലവ് | 2,79,147/-<br>*വൗച്ചർ*<br>*നം-42200688/*5.12.'22-2,73,830/-<br>" -42200688/ 5.12.'22-5,317/-GST |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

2022-23 വർഷം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നും അജൈവമാലിന്യം ശേഖരിച്ച് പഞ്ചായത്തിന്റെ എം സിഎഫിലേയ്ക്ക് എത്തിയ്ക്കുന്നതിനായി സ്വച്ഛ് ഭാരത് മിഷൻ ഫേസ് 2 ഫണ്ട് 2,80,000/-രൂപ വകയിരുത്തി GEM പോർട്ടൽ വഴി 3 Wheeler Battery Operated Vehicle വാഹനം വാങ്ങുന്നതിനു ലക്ഷ്യമിട്ട പദ്ധതിയാണിത്. ഇതുപ്രകാരം പ്രിയം ഇൻഡസ്ട്രീസ് ആന്റ് എഞ്ചിനീയറിംഗ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും ബാറ്ററി ഓപ്പറേറ്റഡ് വാഹനം ജെമ്മിൽ നിന്നും നേരിട്ട് വാങ്ങിയതാണ്. ഇപ്രകാരം വാങ്ങിയ വാഹനത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നടത്തിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.നിലവിൽ വാഹനം പ്രവർത്തന സജ്ജമല്ല എന്നും വാഹനം സപ്ലൈ ചെയ്ത സ്ഥാപനത്തിനെതിരെ നിയമനടപടി സ്വീകരിയ്ക്കാൻ ഉപഭോക്തൃ തർക്ക പരിഹാരഫോറത്തിനെ സമീപിയ്ക്കുവാൻ ഭരണസമിതി തീരുമാനിച്ചതായും സെക്രട്ടറി വാക്കാൽ അറിയിയ്ക്കുണ്ടായി. മേൽ അപാകതകൾ നിലനിൽക്കുന്നതിനാൽ ചെലവു തുക 2,79,147/-രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നം-23/23 തീയതി-22/08/2023)

## 1-24 കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ച് ടോയ്‌ലെറ്റ് - ടേയ്ക്ക് എ ബ്രേക്ക് - സംയുക്ത കെട്ടിട സമുച്ചയം-44.22 ലക്ഷം രൂപ ചെലവഴിച്ച് പൂർത്തിയാക്കി- നാളിതുവരെ ഉപയോഗിച്ചു തുടങ്ങിയില്ല

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനീയർ

| പ്രോജക്റ്റ് | വൗച്ചർ നമ്പർ | തീയ്യതി | തുക | ഗ്രാന്റ് |
|---|---|---|---|---|
| 41/23- കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ച് ടോയ്‌ലെറ്റ് ബ്ലോക്ക്- ആദ്യ ഘട്ടം<br>(അവസാനത്തെ അളവു പുസ്തകം- 82/21-22)<br>(അടങ്കൽ 1581922) | 42101105<br>42200654<br>42200685 | 31-3-22<br>28-11-22<br>03-12-22 | 1415290<br>373481<br>481422<br>ബാക്കി നല്കാനുള്ളത് -671020<br>ആകെ - 2944213 | ശുചിത്വമിഷൻ ഗ്രാന്റ്<br>ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 42/23-കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ച് ടോയ്‌ലെറ്റ് ബ്ലോക്ക്- രണ്ടാം ഘട്ടം<br>(അവസാനത്തെ അളവു പുസ്തകം- 36/21-22)<br>(അടങ്കൽ 102932) | 42201237<br>42201385 | 12-01-2023<br>27-03-2023 | 369557<br>526285<br>ആകെ - 895842 | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 49/23-കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ച് ടോയ്‌ലെറ്റ് ബ്ലോക്ക്- മൂന്നാം ഘട്ടം<br>(അവസാനത്തെ അളവു പുസ്തകം- 85/21-22)<br>(അടങ്കൽ 650000) | 42201096<br>42200899<br>42201467 | 31/3/23<br>16/2/23<br>31/3/23 | 179667<br>200000<br>202820<br>ആകെ - 582487 | ശുചിത്വമിഷൻ ഗ്രാന്റ്<br>ധനകാര്യകമ്മീഷൻ ഗ്രാന്റ്<br>ശുചിത്വമിഷൻ ഗ്രാന്റ് |
| | | | ഒട്ടാകെ 4422542 | |

അരിമ്പൂർ ഗ്രാമപഞ്ചായത്തിന്റെ കമ്മ്യൂണിറ്റി ഹാൾ കെട്ടിടത്തോനനുബന്ധമായി 3 നിലകളിലായി ടോയ്‌ലെറ്റ് സമുച്ചയം അനുബന്ധ സൗകര്യങ്ങൾ ഒരുക്കുകയെന്ന പ്രവൃത്തി 3 പ്രവൃത്തികളായി വിഭജിച്ച് ഇ ടെണ്ടർ നടത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൂന്ന് പ്രവൃത്തികളുടെയും കരാറുകാരൻ ശ്രീ കെ കെ ഗോപിനാഥൻ ആണ്. മൂന്ന് പ്രോജക്റ്റുകളുടെയും എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം വഴിയാത്രക്കാർക്കായി വിശ്രമ കേന്ദ്രം (Take A Break) , കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ച് ടോയ്‌ലെറ്റുകൾ എന്നിങ്ങനെ വിവിധ ഉദ്ദേശ്യങ്ങൾക്കായാണ് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളത്. മുകളിലത്തെ നിലകൾ ഏതു ഉദ്ദേശ്യത്തിനാണ് പണിയുന്നതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ലാത്തതാണ്. കമ്മ്യൂണിറ്റിഹാൾ ഉപയോഗിക്കുന്നവർക്ക് കമ്മ്യൂണിറ്റി ഹാളിന്റെ വശത്തോട് ചേർന്ന് കൊണ്ട് ടോയ്‌ലെറ്റുകൾ നിർമിച്ചിട്ടുണ്ട്. അതേ ടോയ്‌ലെറ്റുകളോട് ചേർന്ന് എതിർവശത്ത് നിന്ന് വഴി യാത്രക്കാർക്ക് പ്രവേശിക്കുന്നതിനായി പിൻഭാഗത്തായി വേറെ ടോയ് ലെറ്റുകൾ നിർമിച്ചിട്ടുണ്ട്. മേൽ പ്രവൃത്തികൾക്കായി 44.2 ലക്ഷം രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്.ഇത് സംബന്ധിച്ച് ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1) കമ്മ്യൂണിറ്റി ഹാൾ നിലവിൽ പ്രവർത്തന രഹിതമാണ്. കമ്മ്യൂണിറ്റി ഹാളിന്റെ ഒരു ഭാഗം വനിതാ കാന്റീൻ ആയി ഉപയോഗിച്ചുവരുന്നു. കമ്മ്യൂണിറ്റി ഹാളിൽ നിലവിൽ നിർമാണ സാമഗ്രികൾ സൂക്ഷിച്ച് വരുന്നതായി കാണുന്നു. കമ്മ്യൂണിറ്റി ഹാൾ പ്രവർത്തിക്കാത്തതിനാൽ ഇതിനോടനുബന്ധിച്ചുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകൾ നിലവിൽ ഉപയോഗിക്കുന്നില്ല. ആയത് പൂട്ടിയിട്ടിരിക്കുകയാണ്. കമ്മ്യൂണിറ്റിഹാൾ അറ്റകുറ്റ പണികൾ നടത്തി പ്രവർത്തനക്ഷമമാക്കുകയും ടോയ്‌ലെറ്റ് ബ്ലോക്കിലേയ്ക്ക് പ്രവേശന വഴി നിർമിക്കുകയും ചെയ്താലെ ആയത് ഉപയോഗിക്കാൻ സാധിക്കു.

2) കമ്മ്യൂണിറ്റി ഹാളിനോടനുബന്ധിച്ചുള്ള ടോയ്‌ലെറ്റുകളോട് ചേർന്ന് അതിന്റെ പുറകിലായി വഴിയാത്രക്കാർക്ക് വേണ്ടി

നിർമിച്ചിട്ടുള്ള ടോയ്‌ലെറ്റുകളും മുകളിലത്തെ നിലകളിലെ അടുക്കള മറ്റ് അനുബന്ധ സൗകര്യങ്ങളും നിലവിൽ പ്രവർത്തിക്കുന്നില്ല. .മൂന്നാമത്തെ നിലയിൽ ട്രസ്സ് ചെയ്ത് ഹാൾ തയ്യാറാക്കിയിട്ടുണ്ട്. സംസ്ഥാന പാതയിൽ നിന്നും വിശ്രമ കേന്ദ്രത്തിലേയ്ക്ക് പ്രവേശിക്കാൻ നിലവിൽ വഴി ഇല്ലാത്തതാണ്. സംസ്ഥാന പാതയിൽ നിലവിലുള്ള പഞ്ചായത്ത് വക കെട്ടിടങ്ങൾ പൊളിച്ച് പ്രവേശന വഴി സജ്ജമാക്കേണ്ടതുണ്ട്.

കമ്മ്യൂണിറ്റി ഹാൾ അറ്റകുറ്റപണി നടത്തി പ്രവർത്തനക്ഷമമാക്കുന്നതിനു മുമ്പും വഴിയോര വിശ്രമകേന്ദ്രത്തിലേയ്ക്ക് പ്രവേശന വഴി നിർമിക്കുന്നതിനുമുമ്പും കമ്മ്യൂണിറ്റി ഹാൾ, വിശ്രമകേന്ദ്രം എന്നിവയ്ക്ക് വേണ്ടി ടോയ്‌ലെറ്റ് സമുച്ചയം പണിതതിനാൽ അത് ഉപയോഗപ്രദമാക്കാൻ സാധിക്കാതെ വന്നു. മാത്രമല്ല രണ്ടും മൂന്നും നിലകളിലുള്ള കെട്ടിട ഭാഗം എന്ത് ഉദ്ദേശ്യത്തിന് ഉപയോഗിക്കാനാണ് നിർമിക്കുന്നതെന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പരാമർശമില്ലാത്തതാണ്. വ്യക്തമായ ഉദ്ദേശ്യങ്ങളോടെ കെട്ടിടം നിർമിക്കുന്നതിന് പകരം അത് നിർമിച്ച് കഴിഞ്ഞ് അവ ഉപയോഗിക്കുന്നതിന് തീരുമാനമെടുക്കുന്നതു മൂലം സ്ഥലം ഫലപ്രദമായി ഉപയോഗപ്പെടുത്താൻ കഴിയാതെ വരികയും വീണ്ടും ഉപയോഗത്തിനനുസൃതമായി കെട്ടിടത്തിൽ മാറ്റം വരുത്തുന്നതുമൂലം അധിക ചെലവ് ഉണ്ടാകുകയും ചെയ്യുന്നു. മേൽ കാരണങ്ങളാൽ 2022-23 വർഷത്തിൽ 4422542 രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ച് നാളിതുവരെ കെട്ടിടം ഉപയുക്തമാക്കാൻ സാധിച്ചിട്ടില്ല. കെട്ടിടം ഉപയോഗിച്ച് തുടങ്ങുന്നതിന് ആവശ്യമായ മറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ച് മേൽ കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.(ഓഡിറ്റ് എൻക്വയറി 20 തീ 22/8/23, മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-25 മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി - മെറ്റീരിയൽ വാങ്ങൽ- നടപടിക്രമങ്ങളിലെ അപാകതകൾ

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി യിൽ ഉൾപ്പെടുത്തി പഞ്ചായത്തിന് മൂലധന ആസ്തികൾ (കോൺക്രീറ്റ് റോഡുകൾ) നിർമിക്കുന്നതിനുള്ള 39പ്രോജക്ടുകൾക്കായി സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിന് നമ്പർ എ2-3903 തീയ്യതി 21/8/20 ആയി ടെണ്ടറും നമ്പർ എ2-306 തീയ്യതി 08/9/20 ആയി റീ ടെണ്ടറും ചെയ്തെങ്കിലും ആരും ടെണ്ടറിലോ റീ ടെണ്ടറിലോ പങ്കെടുക്കാത്തതിനാൽ ക്വട്ടേഷൻ ക്ഷണിക്കുകയും ആയത് സമർപ്പിച്ചവരുമായി കരാറിലേർപ്പെടുകയും സാധനങ്ങൾ സപ്ലൈ ചെയ്യുകയും തുക നല്കുകയും ചെയ്തു. 2022-23 ലാണ് ഈ പ്രവൃത്തികൾക്ക് ഫണ്ട് ലഭിച്ചതും തുക നല്കിയതും.ഇതുമായി ബന്ധപ്പെട്ട് താഴെ ചേർത്തിരിക്കുന്ന നിരീക്ഷണങ്ങൾ ചേർക്കുന്നു.

1. ടെണ്ടർ നോട്ടീസിലോ, ഷെഡ്യൂളിലോ സപ്ലൈ ചെയ്യേണ്ട സാധനങ്ങൾ, ആയതിന്റെ അളവ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. പകരം സാധനങ്ങൾ ഉപയോഗിക്കാനുദ്ദേശിക്കുന്ന പ്രവൃത്തിയുടെ പേര്, ആകെ സപ്ലൈ ചെയ്യേണ്ട സാധനങ്ങളുടെ തുക എന്നിവ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ടെണ്ടർ ഷെഡ്യൂളിൽ സപ്ലൈ ചെയ്യേണ്ട സാധനങ്ങൾ, സപ്ലൈ ചെയ്യേണ്ട അളവ് എന്നിവ രേഖപ്പെടുത്താത്തതെയും തുടർന്നുള്ള കരാറിൽ ആ വിവരങ്ങൾ എപ്രകാരമാണ് നിയമപരമായ കരാറിലേർപ്പെട്ടത് എന്ന് വ്യക്തമല്ല. സാധനങ്ങൾ സപ്ലൈ ചെയ്യുന്നതിനുള്ള ടെണ്ടർ രേഖകളിൽ സപ്ലൈ ചെയ്യേണ്ട സാധനങ്ങളുടെ വിശദ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്.

2. സാധനങ്ങൾ സപ്ലൈ ചെയ്ത ശേഷം പഞ്ചായത്തിന്റെ പേരിൽ നിയമപരമായ ജി എസ് ടി ഇൻവോയ്സ് സപ്ലൈയർ നല്കിയിട്ടില്ല. ആയതിന്റെ അഭാവത്തിൽ കരാറുകാരന് തുക നല്കുന്നതിന് തൊഴിലുറപ്പ് പദ്ധതി വിഭാഗം ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ തുക നൽകിയതായി കാണുന്നു. സപ്ലൈയറിൽ നിന്ന് ഈടാക്കേണ്ട നിയമപരമായ നികുതിയിലെ കുറവുകൾ ഈടാക്കുന്നില്ല. ഇത് ഭാവിയിൽ പഞ്ചായത്തിന്മേൽ നിയമപരമായ പിഴ ചുമത്തപ്പെടുന്നതിന് കാരണമായേക്കാം

3. സാധനങ്ങൾ സപ്ലൈ ചെയ്യുമ്പോൾ സപ്ലൈയർ ഇൻവോയ്സ് നല്കാത്തതിനാൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇൻവോയ്സ് നമ്പർ രേഖപ്പെടുത്തുന്നില്ല. സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ പ്രവൃത്തിയ്ക്കും സാധനങ്ങൾ ഇഷ്യൂ ചെയ്യുന്നത് രേഖപ്പെടുത്തി അസിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല. മേൽ അപാകതകൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.
മേൽ അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 19 തീയ്യതി 22/8/23 മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-26 കാർഷിക കർമസേനയ്ക്ക് ചെറുയന്ത്രങ്ങൾ വാങ്ങി നല്കൽ-മാർഗരേഖയിൽ നിർദ്ദേശിച്ചതിലധികം നിരക്കിൽ സബ്സിഡി അനുവദിച്ചതിനാൽ 17885 രൂപ കൂടുതലായി ചെലവഴിച്ചു.

നിർവ്വഹണം- കൃഷി ഓഫീസർ

| പ്രോജക്ട് | വൗച്ചർ | തീയ്യതി | തുക | ഇൻവോയ്സ് നമ്പർ |
|---|---|---|---|---|
| 135/23 സമഗ്ര | 42201370 | 16-3-23 | 200000 | റെയ്ഡ്കോ കണ്ണൂർ |

| | | | | |
|---|---|---|---|---|
